GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

03-07-2021

## 1. സംസ്ഥാന കർഷക അവാർഡുകൾക്കുളള അപേക്ഷ ക്ഷണിച്ചു

കൃഷിവകുപ്പ് 2020 വർഷത്തേക്കുളള കർഷക അവാർഡുകൾക്ക് അപേക്ഷ ക്ഷണിച്ചു. മിത്രാനികേതൻ പത്മശ്രീ കെ. വിശ്വനാഥൻ മെമ്മോറിയൽ നെൽക്കതിർ അവാർഡ്, സിബി കല്ലിങ്കൽ സ്മാരക കർഷകോത്തമ, യുവകർഷക, യുവകർഷകൻ, കേരകേസരി, ഹരിതമിത്ര, ഉദ്യാനശ്രേഷ്ഠ, കർഷകജ്യോതി, കർഷകതിലകം (വനിത), ശ്രമശക്തി, കൃഷി വിജ്ഞാൻ, ക്ഷോണിസംരക്ഷണ, ക്ഷോണി രത്ന, കർഷകഭാരതി, ഹരിതകീർത്തി, ഹരിതമുദ്ര, മികച്ച ജൈവ കൃഷി നടത്തുന്ന ആദിവാസി ഊര്, പൈതൃക കൃഷി /വിത്ത് സംരക്ഷണം/വിളകളുടെ സംരക്ഷണം പ്രവർത്തനം നടത്തുന്ന ആദിവാസി ഊര്, കൃഷി നടത്തുന്ന മികച്ച റെസിഡൻസ് അസോസിയേഷൻ, ഹൈടെക് ഫാർമർ, മികച്ച കൊമേഴ്സ്യൽ നഴ്സറി, കർഷകതിലകം (സ്കൂൾ വിദ്യാർത്ഥിനി), കർഷക പ്രതിഭ (സ്കൂൾ വിദ്യാർത്ഥി), മികച്ച ഹയർ സെക്കന്ററി സ്കൂൾ കർഷക പ്രതിഭ, മികച്ച കോളേജ് കർഷക പ്രതിഭ, മികച്ച ഫാം ഓഫീസർ, മികച്ച ജൈവകർഷകൻ, മികച്ച തേനീച്ച കർഷകൻ, മികച്ച കൂൺ കർഷകൻ തുടങ്ങിയ അവാർഡുകൾക്കാണ് അപേക്ഷ ക്ഷണിച്ചിട്ടുളളത്. കൂടാതെ മികച്ച ചക്ക സംസ്കരണ കർഷകൻ/ഗ്രൂപ്പുകൾ, പച്ചക്കറികൃഷി പദ്ധതി, ജൈവകൃഷി പദ്ധതി പ്രകാരമുളള അവാർഡുകൾക്കും, കർഷകരുടെ കണ്ടുപിടിത്തങ്ങൾക്കുളള ഇന്നവേഷൻ അവാർഡ്, മികച്ച കയറ്റുമതി സംരംഭകർ/ഗ്രൂപ്പുകൾ, മികച്ച വിളവെടുപ്പാനന്തര പരിചരണ മുറകൾ നടത്തുന്ന കർഷകർ/ഗ്രൂപ്പുകൾ എന്നീ അവാർഡുകൾക്കും അപേക്ഷ സമർപ്പിക്കാവുന്നതാണ്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

അപേക്ഷകൾ അതാത് കൃഷിഭവനുകളിൽ സ്വീകരിക്കുന്നതായിരിക്കും. കൃഷിഭവനിൽ **അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ഈ മാസം 6.** കൃഷിഭവനും പഞ്ചായത്തിനും കർഷകരെ വിവിധ അവാർഡുകൾക്കായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്. ക്ഷോണി സംരക്ഷണ അവാർഡിനുള്ള അപേക്ഷകൾ അതാത് ജില്ലാ മണ്ണ് സംരക്ഷണ ഓഫീസർക്കും കർഷക ഭാരതി, ഹരിതമുദ്ര അവാർഡുകൾക്കുള്ള അപേക്ഷകൾ പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോക്കുമാണ് സമർപ്പിക്കേണ്ടത്. കൂടുതൽ വിവരങ്ങൾ www.fibkerala.gov.in, www.keralaagriculture.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്.

**2. സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി**

കർഷകർക്കായി സംസ്ഥാന സർക്കാർ നടപ്പാക്കുന്ന "സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതി, പ്രധാനമന്ത്രി ഫസൽ ബീമാ യോജന വിള ഇൻഷുറൻസ് പദ്ധതി" എന്നീ പദ്ധതികളിൽ ചേരുന്ന കർഷകർക്ക് കുറഞ്ഞ പ്രീമിയം അടച്ച് കാർഷിക വിളകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കാവുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷിഭവനുമായി ബന്ധപ്പെടുക. എയിംസ് പോർട്ടലിൽ ഓൺലൈനായും അപേക്ഷിക്കാവുന്നതാണ്.

3. **പെരിന്തൽമണ്ണ ബ്ലോക്കിലെ** കൃഷി ഭവനുകളുടെ കീഴിൽ ജൈവകൃഷിയ്ക്കായി **സുഭിക്ഷം സുരക്ഷിതം** പദ്ധതിയിലേയ്ക്ക് അപേക്ഷ ക്ഷണിക്കുന്നു. ജൈവകൃഷി ചെയ്തുകൊണ്ടിരിക്കുന്നവർക്കും ഇനി മുതൽ ജൈവകൃഷിയിലേക്ക് മാറാൻ താല്പര്യമുളളവർക്കും ഈ പദ്ധതിയിൽ ചേരാവുന്നതും ജൈവകൃഷി സാക്ഷ്യപത്രം നേടി

തങ്ങളുടെ ഉൽപന്നങ്ങൾ വിൽപ്പന നടത്താവുന്നതുമാണ്. 5 സെന്റ് എങ്കിലും സ്വന്തമായുള്ളവർക്ക് അപേക്ഷിക്കാവുന്നതാണ്. താല്പര്യമുള്ളവർ അതാത് കൃഷിഭവനുകളുമായി ബന്ധപ്പെടേണ്ടതാണെന്ന് പെരിന്തൽമണ്ണ കൃഷി അസിസ്റ്റന്റ് ഡയറക്ടർ അറിയിച്ചു.

**ഓൺലൈൻ പരിശീലന പരിപാടികൾ**

4. ആലുവ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ ഈ മാസം 6-ന് ആടുവളർത്തൽ, 7-ന് കന്നുകാലികളിലെ അകിട് വീക്കം, തൈലേറിയ, മറ്റ് രക്താണുരോഗങ്ങൾ- പ്രതിരോധവും പ്രതിവിധിയും, 14-ന് കാടവളർത്തൽ, 21-ന് മുട്ടക്കോഴി വളർത്തൽ, 28-ന് പോത്തുക്കുട്ടി പരിപാലനം എന്നീ വിഷയങ്ങളിൽ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്കും പേര് രജിസ്റ്റർ ചെയ്യുന്നതിനുമായി ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **9188522708.**

5. കോട്ടയം ക്ഷീരവികസന പരിശീലന കേന്ദ്രത്തിൽ വച്ച് ഈ മാസം 5- ന് (05-07-2021) രാവിലെ 11 മുതൽ ക്ഷീരസംഘം പ്രൊക്യൂർമെന്റ് അസിസ്റ്റന്റുമാർക്ക് വേണ്ടിയും 8-ന് ക്ഷീരസംഘം ഭരണസമിതി അംഗങ്ങൾക്ക് വേണ്ടിയും ഗൂഗിൾ മീറ്റ് മുഖേന പരിശീലന പരിപാടി നടത്തുന്നു. പരിശീലനത്തിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **0481-2302223.**

6. കേരള വെറ്ററിനറി സർവകലാശാല 'ഡയറി ഫാമുകളിലെ വർഷകാല മുന്നൊരുക്കങ്ങളെ' ആധാരമാക്കി നടത്തുന്ന വെബിനാർ പരമ്പരയിൽ ഇന്ന് വൈകിട്ട് **5 മണിക്ക്** '**മഴക്കാല ദുരന്തങ്ങളുടെ പ്രവചനവും മുൻകരുതലുകളും** എന്ന വിഷയത്തിൽ ഡോ. രതീഷ് ആർ.എൽ.

ഓൺലൈൻ പരിശീലനം നടത്തുന്നു.. കർഷകർക്ക് സംശയദൂരീകരണത്തിനുള്ള അവസരവും ഒരുക്കിയിട്ടുണ്ട്. വിശദവിവരങ്ങൾക്കായി ഫോൺകോളിലൂടെയോ വാട്സ്ആപ്പിലൂടെയോ ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടാവുന്നതാണ് - **9446714462.**

7. കേരള വെറ്ററിനറി സർവകലാശാലയുടെ വിജ്ഞാനവ്യാപന വിഭാഗം ഈ മാസം 16 മുതൽ 23 വരെ **കോഴിവളർത്തൽ ഒരു സ്വയംതൊഴിൽ സംരംഭം** എന്ന വിഷയത്തിൽ ഓൺലൈൻ പരിശീലനം സംഘടിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഇനിപ്പറയുന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക **9446714462.**

8. ആതവനാട് മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ **കോഴിവളർത്തൽ പ്രധാന അസുഖങ്ങളും പ്രതിരോധ മാർഗ്ഗങ്ങളും** എന്ന വിഷയത്തിൽ ഇന്ന് (03.07.2021) വൈകിട്ട് 7 മണിക്ക് ഓൺലൈൻ പരിശീലനം സംഘടിപ്പിക്കുന്നു. വെറ്ററിനറി സർജ്ജനും പൗൾട്രി കൺസൾട്ടന്റുമായ ഡോ. അബ്ദു റഹൂഫ്. പി. ആണ് വിഷയാവതരണം. ഗൂഗിൾ മീറ്റ് പ്ലാറ്റ്ഫോമിലൂടെയാണ് പരിശീലനം. കൂടുതൽ വിവരങ്ങൾക്ക് ഇനി പറയുന്ന നമ്പരിൽ ബന്ധപ്പെടുക. **9446424556.**

9. തേനീച്ചവളർത്തലിൽ റബ്ബർബോർഡ് ഈ മാസം 6-ന് (ജൂലൈ 06) രാവിലെ 10.30 മുതൽ ഉച്ചയ്ക്ക് 12.30 വരെ ഓൺലൈൻ പരിശീലനം നടത്തുന്നു. പരിശീലനമാധ്യമം മലയാളം ആയിരിക്കും. പരിശീലനം സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് **04812353127** എന്ന ഫോൺ നമ്പറിലും **7994650941** എന്ന വാട്സ്ആപ്പ് നമ്പറിലും ബന്ധപ്പെടാം.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## 10. കാർഷികസർവകലാശാലയുടെ വിളപരിപാലന നിർദ്ദേശങ്ങൾ

- തെങ്ങിൽ മണ്ട ചീയലിനെതിരെ ജാഗ്രത പാലിക്കുക. മുൻകരുതലായി ബോർഡോ മിശ്രിതം ഒരു ശതമാനം പശകൂട്ടി തളിക്കുക. തെങ്ങിൻ തൈ നടുന്നതിനുള്ള അനുയോജ്യമായ സമയമാണ്. ചെമ്പൻ ചെല്ലി, കൊമ്പൻ ചെല്ലി മുതലായവയ്ക്കെതിരെ കർഷകർ ജാഗ്രത പാലിക്കേണ്ടതാണ്. ചെന്നീരൊലിപ്പ് മാരകമാകാൻ സാധ്യതയുണ്ട്. കറ ഒലിക്കുന്ന ഭാഗം വൃത്തിയാക്കി ഉരികയ ടാറോ, ബോർഡോ കുഴമ്പോ തേക്കുക.

- പച്ചക്കറി വിളകളിൽ പൊടിക്കുമിൾരോഗം ബാധിച്ച ഇലകളുടെ മുകൾ ഭാഗത്ത് വെളുത്ത പൊടിയും അടിഭാഗത്ത് മഞ്ഞളിപ്പും കണ്ടുവരുന്നു. പ്രതിരോധ മാർഗമെന്ന നിലയിൽ 20 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ആഴ്ചയിൽ ഒരിക്കൽ തളിക്കാം. രോഗം ബാധിച്ചവയിൽ 4 ഗ്രാം വെറ്റബിൾ സൾഫർ ഒരു ലിറ്റർ വെള്ളത്തിൽ ചേർത്ത് തളിക്കുക.

sd/-

**പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ**